LIBRARY ARCHIVES Kerala Legislative Assembly

ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/ സ്റ്റേറ്റ് റീ-ഹാബിലിറ്റേഷൻ പോളിസി പ്രകാരം കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാരെ/ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ തുക ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ദേശീയപാതയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ LARR Act -ന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരം മാത്രമേ നൽകാനാവൂ എന്നതാണ് ഇപ്പോൾ ദേശീയപാതാ അതോറിറ്റിയുടെ നിലപാട്. ആയതിനാൽ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള റീച്ചിൽ പുനരധിവാസം നൽകുന്നതുമായി ബന്ധപ്പെട്ട് LARR Act 2013-ലെ ഷെഡ്യൂൾ 2 പ്രകാരം നൽകാവുന്ന തുകയിൽ സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം അധികമായി അനുവദിക്കേണ്ട തുകയെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ റവന്യൂ വകുപ്പ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 31-7-2021-നുള്ളിൽ സമർപ്പിക്കുന്നതാണെന്ന വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം അധികമായി അനുവദിക്കേണ്ട തുക നൽകുന്നതിന് ദേശീയപാതാ അതോറിറ്റിയിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ ശ്രമിക്കുന്നതാണ്. ഈ പ്രശ്നം വളരെ ഗൗരവമായി സർക്കാരെടുത്തിട്ടുണ്ട്. ഇവിടെ മാത്രമല്ല, മറ്റ് മേഖലകളും കൂടി ബന്ധപ്പെടുന്നതാണെന്നുള്ളതുകൊണ്ട് അങ്ങയുടെകൂടി ശ്രദ്ധയിലേയ്ക്ക് ഈ സബ്മിഷന്റെ മറുപടി സമർപ്പിക്കുന്നു.

7. അഴീക്കൽ പോർട്ട്

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കലിൽ നിലവിലുള്ള പോർട്ടിൽ ഇപ്പോൾ ചരക്കുകപ്പൽ ഗതാഗതം ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രിയെയും തുറമുഖ വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വർഷങ്ങൾക്കുശേഷമാണ് തുടർച്ചയായി ചരക്കുകപ്പൽ അവിടെ വന്നുപോകുന്നത്. കേരള മാരിടൈം ബോർഡ് കാസർഗോഡ് മുതൽ തലശ്ശേരി വരെയുള്ള 4 പോർട്ടുകളുടെ ഒരു റീജിയണൽ ഓഫീസായി അഴീക്കലിനെ ഉയർത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും ആ തീരുമാനം നടപ്പിലാകാത്തതിന്റെ ഭാഗമായി ആ പോർട്ടിന്റെ പ്രവർത്തനത്തെ അത് സാരമായി ബാധിച്ചിരിക്കുന്നു. ഒരു റീജിയണൽ പോർട്ട് ഓഫീസറെയാണ് അവിടെ നിയമിക്കാൻ കഴിയുന്നത്. അതിനാൽ ഇപ്പോൾ താല്കാലിക ചുമതലയാണ് നൽകുന്നത്. സാമ്പത്തികമായി മറ്റ് കാര്യങ്ങൾ ചെയ്യാൻ പറ്റാത്ത ഒരു നിലയിലേയ്ക്ക് ആ പോർട്ട് മാറുകയും ചെയ്തു. നിലവിലുള്ള സാഹചര്യത്തിൽ ചരക്കുകപ്പൽ ഗതാഗതം കൂടി ആരംഭിച്ചതിനാൽ അതിന്റെ വൈഷമ്യം വളരെ വലുതായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അടിയന്തരമായി അങ്ങനെയൊരു തീരുമാനമെടുത്ത് നടപ്പിലാക്കുന്നില്ലെങ്കിൽ പോർട്ടിന്റെ പ്രവർത്തനത്തെയും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗതാഗത സംവിധാനത്തെയുമെല്ലാം അത് സാരമായി ബാധിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാധ്യതയുണ്ട്. അവിടെ ആവശ്യത്തിന് ജീവനക്കാരില്ലാതെ ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണെന്ന കാര്യം വളരെ ഗൗരവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഴീക്കൽ പോർട്ടിനെ ഒരു റീജിയണൽ പോർട്ടായി ഉയർത്തുന്നതിന് അടിയന്തര തീരുമാനമെടുത്ത്, മുൻതീരുമാനം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനയപൂരസ്സരം അഭ്യർത്ഥിക്കുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയങ്ങൾ വളരെ ഗൗരവമുള്ളവ തന്നെയാണ്. തുറമുഖ വകുപ്പിലെ ഓഫീസുകളെല്ലാം കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കൊല്ലം, ആലപ്പുഴ, ബേപ്പൂർ തുറമുഖങ്ങളാണ് കേരള മാരിടൈം ബോർഡിന്റെ അധികാരപരിധിയിലുള്ള റീജിയണൽ പോർട്ട് ഓഫീസുകൾ. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽനിന്നും അഴീക്കലിലേയ്ക്ക് കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അഴീക്കലിൽ ആധുനികമായ ഒരു തുറമുഖം നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങളും നടത്തിവരികയാണ്. അഴീക്കലിൽ ഇപ്പോൾ ഒരു സീനിയർ പോർട്ട് കൺസർവേറ്ററാണ് ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അഴീക്കൽ തുറമുഖത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ റീജിയണൽ പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ മാറ്റാനാണുദ്ദേശിക്കുന്നത്. അഴിമുഖത്തിൽനിന്നും മാറി ഇതിനായി പുറംകടലിൽ മൂന്ന് ഘട്ടങ്ങളായുള്ള തുറമുഖവികസനമാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുന്ന ആദ്യഘട്ടത്തിന്റെ Techno Economic Feasibility Report അംഗീകരിച്ചു. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി Howe Engineering Projects India Pvt Ltd. എന്ന കമ്പനി നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് Geo technical Investigations പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസനത്തിനുവേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ടു പോകുകയാണ്. ഈ വർഷം അവസാനത്തോടെ Detailed Project Report തയ്യാറാക്കി ആവശ്യമായ അനുമതി ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. തുറമുഖത്തോടനുബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു Special Economic Zone (SEZ) ആരംഭിക്കുന്ന പ്രൊപ്പോസലും പരിഗണനയിലുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)